യോഗമാണ്. 5,6,8,10 വാർഡുകളിൽ മറ്റു വാർഡുകളെ അപേക്ഷിച്ച് ഇരട്ടിയിലധികം സ്ഥലവിസ്തൃതിയും ജനസംഖ്യയുമുള്ളത് പത്താം വാർഡിൽപ്പെടുത്തും. 07-03-2000-ലെ ടെന്ററിൽ ഉൾപ്പെട്ടിട്ടുള്ള 7 പ്രവൃത്തികളിൽ മൂന്നെണ്ണം 1997-98 വർഷങ്ങളിലെ ബഡ്ജറ്റിൽ നിർദ്ദേശിക്കപ്പെട്ടവയും സാങ്കേതിക കാരണങ്ങളാൽ പണി നടത്താൻ കഴിയാത്തവയുമാണ്. വലിയ വാർഡുകളൊഴികെ മറ്റു വാർഡുകളുമെല്ലാം 5 ലക്ഷം രൂപയിൽ കൂടുതൽ വന്നിട്ടുള്ള എല്ലാ എസ്റ്റിമേറ്റുകളും അടുത്ത വർഷത്തേക്ക് മാറ്റിവച്ചിട്ടുണ്ട്; ഇവ എൽ.ഡി.എഫ്.ഉം യു.ഡി.എഫ്.ഉം പ്രതിനിധാനം ചെയ്യുന്ന വാർഡുകളാണ്. ഈ കാര്യത്തിൽ രാഷ്ട്രീയ വിവേചനമൊന്നുമുണ്ടായിട്ടില്ല. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ മരാമത്ത് പണികൾ നടത്തുന്നതിന് വ്യക്തമായ മാനദണ്ഡങ്ങളുണ്ട്. ഈ മാനദണ്ഡങ്ങൾ കർശനമായി പാലിക്കപ്പെടണമെന്നാണ് സർക്കാരിന്റെ ആഗ്രഹം. കക്ഷി രാഷ്ട്രീയത്തിനതീതമായി ത്രിതല പഞ്ചായത്തുകൾ വികസന പ്രക്രിയകൾ നടത്തണമെന്നാണ് ഗവൺമെന്റിന്റെ ആഗ്രഹം. അതിൽനിന്നും വ്യത്യസ്തമായി എവിടെയെങ്കിലുമുണ്ടെങ്കിൽ അത് പരിശോധിച്ച് വേണ്ടത് ചെയ്യുന്നതാണ്.

(14) കരിങ്കല്ല് - വെട്ടുകല്ല് തൊഴിലാളികൾ മൈനിംഗ് ആന്റ് ജിയോളജി ഓഫീസിലേയ്ക്ക് നടത്തുന്ന മാർച്ച്

<u>ശ്രീ. എം. നാരായണൻ (കുഴൽമന്ദം)</u> : സർ, പാലക്കാട് ജില്ലയിൽ കരിങ്കല്ല്-വെട്ടുകല്ല് തൊഴിൽ മേഖലയിലെ അനാവശ്യമായ നിയന്ത്രണങ്ങൾക്കെതിരായും മൈനിംഗ് ആന്റ് ജിയോളജി ഉദ്യോഗസ്ഥന്മാരുടെ തൊഴിലാളി ദ്രോഹ നടപടികൾക്കെതിരായും ആയിരക്കണക്കിന് തൊഴിലാളികൾ നാളെ മൈനിംഗ് ആന്റ് ജിയോളജി ഓഫീസിലേക്ക് മാർച്ച് നടത്തുകയാണ്. നിർമ്മാണ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ തൊഴിലവസരങ്ങൾ നഷ്ടപ്പെടുത്തുന്നതരത്തിലാണ് ഉദ്യോഗസ്ഥന്മാരുടെ നീക്കങ്ങൾ. അവർക്കെതിരായി നിയന്ത്രണങ്ങളെന്ന പേരിൽ അനാവശ്യമായ ഇടപെടലുകൾ നടത്തി വലിയ പിഴയും, കള്ളക്കേസ്സുകളും പണിയായുധങ്ങൾ പിടിച്ചെടുത്തുകൊണ്ട് പോകുകയുമൊക്കെയായി ക്രൂരമായ നടപടികൾ ഉണ്ടാകുന്നു. മണൽ മേഖലയിൽ റവന്യൂ ഉദ്യോഗസ്ഥന്മാരും കരിങ്കൽ വെട്ടുകൽ മേഖലയിൽ മൈനിംഗ് ആന്റ് ജിയോളജി ഉദ്യോഗസ്ഥന്മാരും വലിയ ശല്യമാണ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് പാലക്കാട് ജില്ലയിലെ പല ഗ്രാമപ്രദേശങ്ങളിലും ഈ മേഖലയിൽ പണിയെടുത്തുകൊണ്ടിരിക്കുന്ന ആയിരക്കണക്കിന് കുടുംബങ്ങൾ പട്ടിണിയിലാണ്. അവരെ ജീവിക്കാൻ അനുവദിക്കാത്ത ഒരു സാഹചര്യമാണ് ഈ ഉദ്യോഗസ്ഥന്മാർ ഇന്നുണ്ടാക്കുന്നത്. കൈക്കൂലി കൊടുത്താൽ ഒരു നിയന്ത്രണവും ഒരു നിയമവും അവർക്ക് ബാധകമല്ലാത്ത രീതിയിലേയ്ക്കാണ് കാര്യങ്ങൾപ്പോയ്ക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് തന്നെയാണ് ജില്ലയിലെ ഏറ്റവും വലിയ തൊഴിലാളി സംഘടനയായ സി.ഐ.ടി.യു.വിന്റെ നേതൃത്വത്തിൽ ആയിരക്കണക്കിന് തൊഴിലാളികളെ പങ്കെടുപ്പിച്ചുകൊണ്ട് ഉദ്യോഗസ്ഥന്മാരുടെ നെറികെട്ട സമീപനത്തിനെതിരായിട്ടുള്ള മാർച്ച് നടത്തുന്നത്. ഈ വിഷയത്തിൽ സർക്കാർ ശക്തമായി ഇടപെട്ട്, തൊഴിലാളികളുടെ തൊഴിലവസരം നിഷേധിക്കുന്ന സമീപനത്തിനെതിരായി അവരുടെ തൊഴിൽ സംരക്ഷിക്കുന്നതിനാവശ്യമായ ഉറപ്പ് നൽകണമെന്ന ഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, കരിങ്കല്ല്, വെട്ടുകല്ല് എന്നിവയുടെ ഖനനത്തിനുള്ള നിയന്ത്രണങ്ങൾ നില നിർത്തിക്കൊണ്ടുതന്നെ, ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് പരമാവധി തൊഴിലവസരങ്ങൾ നൽകുന്നതിന് സർക്കാർ ശ്രമിക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ, തൊഴിലാളികളെ ദ്രോഹിക്കുന്ന ചില നിലപാട് ചില ഉദ്യോഗസ്ഥൻമാർ സ്വീകരിക്കുന്നുവെന്ന് പറഞ്ഞു. തൊഴിലാളികളെ മനഃപൂർവ്വം ഉപദ്രവിക്കുന്ന നടപടികൾ ശ്രദ്ധയിൽപ്പെട്ടാൽ ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

(15) സംസ്കൃത വിദ്യാഭ്യാസ സംരക്ഷണ സമിതിയുടെ സെക്രട്ടേറിയറ്റ് മാർച്ച്

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, സംസ്കൃതം ദേവഭാഷയാണെന്നാണ് അറിയപ്പെട്ടിരുന്നത്. ഈ ദേവഭാഷയിലൂടെയും മറ്റു ഭാഷകളിലൂടെയും വിദ്യാഭ്യാസം നടത്തുന്നതിനും അഭ്യസ്തവിദ്യ അടുത്ത തലമുറയ്ക്ക് പകരുന്നതിനും വൃത്യസ്തങ്ങളായ സഹജ സ്വഭാവങ്ങളുണ്ട്. മയിലിന്റെയും അരയന്നത്തിന്റേയും നടനം അഭിരാമമാണ്. പക്ഷേ

"കഠോരമേകേ സുകുമാരമന്യേ
മാർഗ്ഗം കവീന്ദ്രാം വചസാ പ്രപന്ന
മേഘസ്വനേഷുന്നസോ മയൂരാ
ഹംസാ : പുനർനൂപുരശിഞ്ജിതേഷു."

എന്ന് കുടല്ലൂർ നാരായണൻ. മയിലിന് നൃത്തം വയ്ക്കണമെങ്കിൽ ഇടിവെട്ട് വേണം. അരയന്നത്തിനാണെങ്കിൽ നൂപുരശിഞ്ജിതമാണ് വേണ്ടത്. ഒരു ഗതികേടിന്റെ വക്കിൽനിന്നുകൊണ്ട്, നൂപുരശിഞ്ജിതം മാത്രം കേട്ടു നടനമാടിയിരുന്ന സംസ്കൃതഭാഷാപ്രേമികൾ ചിലങ്കകളുടെ നാദം കൂട്ടംകൂട്ടമായി മുഴക്കിക്കൊണ്ടെങ്കിലും ഇടിവെട്ടിന്റെ ധ്വനി കേൾപ്പിക്കാമോയെന്ന് പരീക്ഷിക്കുകയാണ്, സർക്കാരിനെ പ്രസാദിപ്പിക്കാൻ. സംസ്കൃത വിദ്യാർത്ഥികളും അദ്ധ്യാപകരും ഒരുമിച്ചാണ് പ്രക്ഷോഭണം. രക്ഷാകർത്താക്കളുടെയും നാട്ടുകാരുടെയും പിന്തുണ അതിനുണ്ട്. നാളെ അവർ സെക്രട്ടേറിയറ്റ് പടിക്കൽ ധർണ്ണയുമായി എത്തും. അവരുടെ ഡിമാന്റുകൾ മുഴുവൻ, കഴിഞ്ഞ ദിവസം ഞാൻ ഇവിടെ സൂചിപ്പിച്ചത് മാനിക്കാൻ തയ്യാറായതുകൊണ്ട്, ഞാൻ നിരത്തുന്നില്ല. സൂചനകൾ മാത്രം പറയാം. പ്ലസ് ടു ക്ലാസ്സുകളിൽ ബോട്ടണിയോടും സുവോളജിയോടും ഒപ്പം സംസ്കൃത സാഹിത്യവും സംസ്കൃത ശാസ്ത്രവും കൂടി പഠിക്കാനും സ്കൂളുകളിൽ സംസ്കൃതം സെക്കന്റ് ലാംഗ്വേജായി സാർവ്വത്രികമായി അംഗീകരിക്കാനും പത്താം ക്ലാസ്സിൽ സംസ്കൃതത്തിന് പത്ത് പേർ നിർബന്ധമില്ലാത്ത സ്ഥിതിയ്ക്ക് 11-ാം ക്ലാസ്സിൽ അത് നിർബന്ധമാക്കാതിരിക്കാനും വിദ്യാർത്ഥികളുടെ സ്കോളർഷിപ്പിന്റെ എണ്ണവും തുകയും വർദ്ധിപ്പിക്കാനും യു.പി.യുള്ള ഹൈസ്കൂളുകളിൽ പ്രത്യേകം സംസ്കൃത അദ്ധ്യാപകരെ വയ്ക്കാനും സർവ്വീസിലുള്ളവർക്ക് ഹയർ സെക്കന്ററിയിലേക്ക് നിയമനം ലഭിക്കാൻ പ്രവേശന പരീക്ഷ ഒഴിവാക്കാനും, അവർക്ക് ഇൻസർവീസ് ട്രെയിനിംഗ് നൽകാനും സ്കൂൾ ലൈബ്രറികളിൽ സംസ്കൃതപുസ്തകകോർണറുകളുണ്ടാക്കാനും കൂടുതൽ സായാഹ്ന പഠന കേന്ദ്രങ്ങൾ സൃഷ്ടിക്കാനും തസ്തികകൾ നികത്താനും, ചുരുക്കിപ്പറഞ്ഞാൽ എൻ.വി. കൃഷ്ണവാര്യർ കമ്മീഷൻ ശുപാർശകൾ നടപ്പിലാക്കാനും ബന്ധപ്പെട്ടവരെ വിളിച്ച് ഒരു ചർച്ച നടത്തി പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly